# 13-ാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 681

06.02.2013-ൽ
മറുപടിയ്ക്ക്

## വൈദ്യുതി പ്രതിസന്ധിക്ക് കെൽട്രോൺ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സൗരോർജ്ജ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് കെൽട്രോൺ ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (എ) സോളാർപവർ ഇൻവർട്ടറുകളും പവർ കണ്ടീഷനറുകളും നിർമ്മിക്കാനുള്ള പദ്ധതികൾ കെൽട്രോൺ നടപ്പിലാക്കി വരുന്നു. ജവർഹലാൽ നെഹ്റു നാഷണൽ സോളാർ മിഷന്റെ സോളാർ ഇന്ത്യ ആശയത്തിന് ഊന്നൽ നൽകിക്കൊണ്ട് കേരളത്തിൽ വിവിധ ശ്രേണിയിലുള്ള ഓഫ് ഗ്രിഡ്, ഓൺ ഗ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതികളാണ് കെൽട്രോൺ സൗരോർജ്ജ മേഖലയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. സംസ്ഥാന ജയിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ജയിലുകൾ എന്ന ആശയം കേരളത്തിൽ പ്രാവർത്തികമാക്കുന്നത് കെൽട്രോൺ ആണ്. |
| (ബി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമായി വിവിധ ശ്രേണിയിലുള്ള ഓഫ് ഗ്രിഡ്, ഓൺ ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് സൗരോർജ്ജം പരമാവധി ഉപയോഗിക്കാ |

നുള്ള ശ്രമങ്ങൾ കെൽട്രോൺ നടത്തി വരുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ സോളാർ പ്ലാന്റ് സ്ഥാപിച്ച് അവിടേക്ക് ആവശ്യമായ വൈദ്യുതി ഉൽപാദനം സാദ്ധ്യമാക്കുന്നതിനുള്ള പഠനം കെൽട്രോൺ ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി യിട്ടുണ്ട് ; വിശദമാക്കുമോ; | (സി) | കേരളത്തിലെ തന്നെ ആദ്യത്തെ സൗരോർജ്ജ വൈദ്യുത ജയിൽ പദ്ധതി - തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിൽ കെൽട്രോൺ നടപ്പിലാക്കി. തുടർന്ന് വിവിധ ജയിലുകളിൽ സോളാർ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | ഇനി എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സംസ്ഥാനത്തെ വിവിധ ജയിലുകളിൽ 665 കിലോവാട്ട്സ് സോളാർ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജയിൽ വകുപ്പ് ഓർഡർ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. ഓഫ് ഗ്രിഡ് സോളാർ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതുകൂടാതെ രണ്ടു മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് നിർമ്മിക്കുന്നതും കമ്പനി പരിഗണിച്ചു വരുന്നു. വിവിധ ശ്രേണിയിലുള്ള ഓഫ് ഗ്രിഡ്, ഓൺ ഗ്രിഡ് സോളാർ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ കെൽട്രോൺ സുസജ്ജമാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**